 എ.വൈ.ആർ

# സൂറ – 29 / അൽ അൻകബൂത്ത്

## സൂക്തം: 12 – 15

ആളുകളെ വഴിതെറ്റിക്കുന്നവർ സ്വന്തം പാപഭാരത്തോടൊപ്പം മറ്റു ചില ഭാരങ്ങൾ കൂടി ഏറ്റെടുക്കേണ്ടിവരും. നിങ്ങൾ ഒരാളെ വഴിതെറ്റിക്കുകയും അതുമൂലം അയാൾ മഹാ പാപങ്ങൾ ചെയ്തുകൂട്ടുകയും ചെയ്യുന്നുവെങ്കിൽ അയാളുടെ പാപത്തിന്റെ എണ്ണവും വണ്ണവും കൂടുന്നതിനുസരിച്ച്, അയാളെ വഴിതെറ്റിച്ചു എന്ന നിങ്ങളുടെ പാപത്തിന്റെ ഭാരം വർധിച്ചുകൊണ്ടേയിരിക്കും. യഥാർഥത്തിൽ കുറ്റം ചെയ്തവന്റെ പാപഭാരം അതൊട്ടും കുറക്കുകയുമില്ല.



وَقَالَ الَّذِينَ كَفَرُوا لِلَّذِينَ آمَنُوا اتَّبِعُوا سَبِيلَنَا
وَلْنَحْمِلْ خَطَايَاكُمْ وَمَا هُم بِحَامِلِينَ مِنْ خَطَايَاهُم
مِّن شَيْءٍ ۖ إِنَّهُمْ لَكَاذِبُونَ ﴿١٢﴾

12. സത്യദീനിനെ നിഷേധിച്ചവർ അതിൽ വിശ്വസിച്ചവരോടാവശ്യപ്പെടുന്നുണ്ട്; 'നിങ്ങൾ ഞങ്ങളുടെ വഴി തന്നെ പിന്തുടരുവിൻ. നിങ്ങളുടെ പാപങ്ങളൊക്കെയും ഞങ്ങൾ വഹിച്ചുകൊള്ളാം.' എന്നാൽ അവരുടെ പാപങ്ങൾ ഒട്ടും തന്നെ ഇവർ ഏറ്റെടുക്കാൻ പോകുന്നില്ല. അവരപ്പറയുന്നത് തികഞ്ഞ കള്ളമാകുന്നു.

وَلَيَحْمِلُنَّ أَثْقَالَهُمْ وَأَثْقَالًا مَّعَ أَثْقَالِهِمْ ۖ وَلَيُسْأَلُنَّ يَوْمَ
الْقِيَامَةِ عَمَّا كَانُوا يَفْتَرُونَ ﴿١٣﴾

13. സ്വന്തം പാപഭാരങ്ങൾ തീർച്ചയായും അവർ ചുമക്കും. സ്വന്തം പാപഭാരങ്ങളുടെ കൂടെ വേറെ കുറേ പാപഭാരങ്ങളും ചുമക്കും. അവർ കെട്ടിച്ചമക്കുന്ന കള്ളങ്ങളെക്കുറിച്ച് ഉയിർത്തെഴുന്നേൽപുനാളിൽ ഉറപ്പായും ചോദിക്കപ്പെടുകയും ചെയ്യും.

**12,13**

وَقَالَ الَّذِينَ كَفَرُوا = (സത്യദീനിനെ) നിഷേധിച്ചവർ പറഞ്ഞു (ആവശ്യപ്പെടുന്നുണ്ട്)

لِلَّذِينَ آمَنُوا = വിശ്വാസികളായവരോട് (അതിൽ വിശ്വസിച്ചവരോട്)

اتَّبِعُوا سَبِيلَنَا = നിങ്ങൾ ഞങ്ങളുടെ വഴി (തന്നെ) പിന്തുടരുവിൻ

وَلْنَحْمِلْ خَطَايَاكُمْ = നിങ്ങളുടെ പാപങ്ങൾ (ഒക്കെയും) ഞങ്ങൾ വഹിച്ചുകൊള്ളാം

وَمَا هُم بِحَامِلِينَ = അവർ വഹിക്കുന്നവരല്ല (എന്നാൽ ഇവർ ഏറ്റെടുക്കാൻ പോകുന്നില്ല)

مِنْ خَطَايَاهُم مِّن شَيْءٍ = അവരുടെ പാപങ്ങളിൽനിന്ന് ഒരു വസ്തുവും (ഒട്ടും തന്നെ)

إِنَّهُمْ لَكَاذِبُونَ = അവർ കള്ളം പറയുന്നവരാകുന്നു (അവരപ്പറയുന്നത് തികഞ്ഞ കള്ളമാകുന്നു)

وَلَيَحْمِلُنَّ أَثْقَالَهُمْ = അവരുടെ (സ്വന്തം) പാപഭാരങ്ങൾ അവർ തീർച്ചയായും ചുമക്കും

وَأَثْقَالًا مَّعَ أَثْقَالِهِمْ = അവരുടെ (പാപ) ഭാരങ്ങളുടെ കൂടെ (വേറെ കുറേ പാപ) ഭാരങ്ങളും (അവർ ചുമക്കും)

وَلَيُسْأَلُنَّ = ഉറപ്പായും ചോദിക്കപ്പെടുകയും ചെയ്യും يَوْمَ الْقِيَامَةِ = ഉയിർത്തെഴുന്നേൽപുനാളിൽ

عَمَّا كَانُوا يَفْتَرُونَ = അവർ കെട്ടിച്ചമക്കുന്ന കള്ളങ്ങളെക്കുറിച്ച്

ദീനുൽ ഇസ്‌ലാം സ്വീകരിക്കുന്നവരെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ എന്തടവും പ്രയോഗിക്കാൻ ധൃഷ്ടരാകുന്ന എക്കാലത്തെയും എല്ലാ ഇസ്‌ലാംവിരുദ്ധരെയും ഉൾക്കൊള്ളുന്നതാണ് الَّذِينَ كَفَرُوا -സത്യനിഷേധികളായവർ- എന്ന വാക്ക്. ഇത്തരം നിഷേധികൾ രണ്ടു തരക്കാരാണ്: ഒന്ന്, ഇസ്‌ലാമിനോട് വിരോധമുള്ളതോടൊപ്പം ഒരാൾ ആ മതത്തിലേക്ക് മാറുന്നത് സ്വന്തം മതാഭിമാനത്തിന്റെയും അന്തസ്സിന്റെയും പ്രശ്നമായി കാണുന്നവർ. തങ്ങളുടെ പൈതൃക മതത്തിൽനിന്ന് ഒരാൾ മറ്റൊരു മതത്തിലേക്ക് മാറുന്നത് വലിയ അപമാനമായി അവർ കരുതുന്നു. സ്വന്തം

മതത്തിന്റെയും അന്യമതങ്ങളുടെയും ഗുണദോഷങ്ങൾ പഠിച്ചു വിലയിരുത്തിയിട്ടൊന്നുമല്ല ഈ നിലപാട് സ്വീകരിക്കുന്നത്. അതിനു പുറമെ, ബഹുമത ജനാധിപത്യ സമൂഹങ്ങളിൽ ഓരോ മതവിഭാഗത്തിന്റെയും അംഗസംഖ്യ ആ വിഭാഗത്തിന്റെ രാഷ്ട്രീയ ശക്തിയുടെയും വിലപേശൽ ശേഷിയുടെയും മാനദണ്ഡമാകുന്നു. തങ്ങളുടെ മതത്തിൽനിന്ന് ആളുകൾ ഒഴിഞ്ഞുപോകുന്നതിനെ മതാധികാരികൾ വലിയ വിപത്തായി ഭയപ്പെടുന്നുമുണ്ട്. ഈ മിഥ്യാഭിമാനത്തിന്റെയും ഭയത്തിന്റെയും പ്രകടനങ്ങളാണ് അടുത്ത കാലത്ത് ഇന്ത്യയിൽ രൂപം കൊണ്ട ഘർവാപ്പസി പോലുള്ള പ്രസ്ഥാനങ്ങളും ഹിന്ദു മതത്തിൽനിന്ന് ഇതര മതങ്ങളിലേക്ക് മാറുന്നവരെ പിന്തിരിപ്പിക്കാനായി കേരളത്തിലെ തൃപ്പൂണിത്തുറയിൽ പ്രവർത്തിച്ചിരുന്നതുപോലുള്ള സ്ഥാപനങ്ങളും. ഒരു മതത്തിലും വിശ്വാസമില്ലാത്തവരും ഇസ്‌ലാമിനോട് പ്രത്യേക വിരോധമുള്ളവരുമാണ് മറ്റൊരു കൂട്ടർ. മറ്റു മതങ്ങളെല്ലാം അന്ധവിശ്വാസങ്ങളാണെങ്കിലും ആളുകൾ അത് സ്വീകരിക്കുന്നതുകൊണ്ട് കുഴപ്പമില്ല. പക്ഷേ, ഇസ്‌ലാം സ്വീകരിക്കുന്നത് അപകടകരമാണ്. ഇസ്‌ലാമിനെതിരെ അവർ അന്ധവിശ്വാസം, അനാചാരം തുടങ്ങിയ ആരോപണങ്ങൾക്കു പുറമെ മതമൗലികവാദം, തീവ്രവാദം, ഭീകരത തുടങ്ങിയ നിരവധി ആക്ഷേപങ്ങളും ഉന്നയിച്ചുകൊണ്ടിരിക്കുന്നു. രണ്ടു കൂട്ടരും ഇസ്‌ലാമിലേക്ക് ആകൃഷ്ടരായവരെ പിന്തിരിപ്പിക്കുന്നതിനു വേണ്ടി പ്രലോഭിപ്പിച്ചുകൊണ്ടിരിക്കും. ഇസ്‌ലാം ഉപേക്ഷിച്ചുപോരുന്നതാണ് നിങ്ങൾക്ക് ഈ ലോകത്തും പരലോകമുണ്ടെങ്കിൽ അവിടെയും ശ്രേയസ്കരമായിട്ടുള്ളത്. അഥവാ പരലോകത്ത് വല്ല ദോഷവും ഉണ്ടാവുകയാണെങ്കിൽ തന്നെ ആ ദോഷങ്ങളെല്ലാം ഞങ്ങൾ ഏറ്റെടുത്തുകൊള്ളാം. വിഗ്രഹാരാധകരും നിർമതവാദികളും ഇങ്ങനെ വാഗ്ദാനം ചെയ്യുന്നത് പരലോകമോ വിചാരണയോ രക്ഷാശിക്ഷകളോ ഒന്നും ഉണ്ടാകാൻ പോകുന്നില്ല എന്ന വിശ്വാസത്തിലാണ്.

വിശ്വാസികളോട് ഞങ്ങളുടെ മാർഗം പിന്തുടരുക, നിങ്ങളുടെ പാപങ്ങളെല്ലാം ഞങ്ങൾ ഏറ്റെടുത്തുകൊള്ളാം എന്നു പറയുന്ന സത്യനിഷേധികളിൽ എല്ലാ കാലത്തെയും എല്ലാ സത്യനിഷേധികളും ഉൾപ്പെടുന്നുവെങ്കിലും ഈ സന്ദർഭത്തിൽ മക്കയിൽ, മക്കളെ ഇസ്‌ലാമിൽനിന്ന് പിന്തിരിപ്പിക്കാൻ 'ജിഹാദ്' ചെയ്തിരുന്ന മാതാപിതാക്കൾ പ്രത്യേകം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. അവർ വാദിച്ചു: നിങ്ങളേക്കാൾ ഏറെകാലം ജീവിതം കണ്ടവരാണ് ഞങ്ങൾ. നല്ലതും ചീത്തയും നിങ്ങളേക്കാൾ നന്നായി തിരിച്ചറിയാൻ കഴിയുക ഞങ്ങൾക്കാണ്. അതുകൊണ്ട് ഞങ്ങൾ പറയുന്നതനുസരിക്കുക. ഞങ്ങളുടെ ജീവിതചര്യകൾ പിന്തുടരുക. ഒരുവേള അത് തെറ്റാണെങ്കിൽ തന്നെ ഉത്തരവാദിത്തം ഞങ്ങൾ ഏറ്റെടുത്തുകൊള്ളാം. ഈ ജീവിതചര്യ ഞങ്ങൾ സ്വീകരിച്ചത് പൂർവ പിതാക്കളിൽനിന്നാണ്. അത് തെറ്റാണെങ്കിൽ ആ കുറ്റം ചെന്നുചേരുക അവരിലാണ്. അതുപോലെ നിങ്ങളുടെ കുറ്റത്തിന്റെ ഉത്തരവാദിത്തം ഞങ്ങളിലൂടെ നമ്മുടെ പൂർവികരിൽ ചെന്നു ചേർന്നുകൊള്ളും. ഈ നവധർമം ഉപേക്ഷിച്ചതിന്റെ പേരിൽ നിങ്ങൾ ഒരിക്കലും ശിക്ഷിക്കപ്പെടുന്നതല്ല. പൊന്നു മക്കൾ ധൈര്യമായി ഞങ്ങളെ അനുഗമിക്കുക. ഈമാൻ ദൃഢമായിട്ടില്ലാത്തവരെ കാരണവന്മാരുടെ ഈ ന്യായവാദം സ്വാധീനിക്കുക സ്വാഭാവികമാണല്ലോ. ലൗകിക വിഷയങ്ങളിൽ വ്യക്തികൾ ഇത്തരം പ്രതിലോമ ശക്തികൾക്ക് വഴങ്ങുക അത്ര ഗൗരവമുള്ള പ്രശ്നമല്ല. പക്ഷേ, ദീനീ വിഷയത്തിൽ അത് ഏറെ ഗൗരവതരമായ കാര്യമാകുന്നു. ഓരോ മനുഷ്യന്റെയും ദീനീ ഉത്തരവാദിത്തം അല്ലാഹു ആ മനുഷ്യന്റെ ചുമലിൽ തന്നെയാണ് വഹിപ്പിച്ചിരിക്കുന്നത്. പഠിക്കാതെയും പരിശോധിക്കാതെയും അക്കാര്യത്തിൽ ആരെയും അനുകരിക്കാൻ പാടില്ല. തന്നെ അന്ധമായി അനുകരിക്കണമെന്ന് ആരും ആരെയും നിർബന്ധിച്ചുകൂടാ. അല്ലാഹുവിന്റെ മുന്നിൽ ആർക്കും മറ്റുള്ളവരുടെ ഭാരം ഏറ്റെടുക്കാനാവില്ല. وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ (ഭാരം വഹിക്കുന്നവരാരും അന്യന്റെ ഭാരം വഹിക്കുകയില്ല- 35:18). തങ്ങളുടെ സ്വാധീനത്തിലുള്ളവരുടെ പാപങ്ങളെല്ലാം തങ്ങൾ ഏറ്റെടുക്കുമെന്ന് വാഗ്ദത്തം ചെയ്യുന്നവർ ഭീമമായ തെറ്റിദ്ധാരണയിലകപ്പെട്ടിരിക്കുകയാണ്. വെറും വ്യാമോഹമാണവർ നൽകുന്നത്. മറ്റുള്ളവരുടെ പാപങ്ങളിൽനിന്ന് -മറ്റുള്ളവർ പാപം ചെയ്തത് തങ്ങളുടെ പ്രേരണയാലാണെങ്കിൽ പോലും- യാതൊന്നും ഇക്കൂട്ടർക്ക് ഏറ്റെടുക്കാനാവില്ല. ചെകുത്താന്റെ പ്രേരണക്ക് വഴങ്ങിയാണ് ആളുകൾ പാപകൃത്യങ്ങൾ ചെയ്യുന്നത്. എന്നുവെച്ച് പാപങ്ങളുടെ ഉത്തരവാദിത്തം ചെകുത്താൻ ഏറ്റെടുക്കുകയും പാപം ചെയ്തവർ കുറ്റമുക്തരാവുകയും ചെയ്യുന്നില്ലല്ലോ. ഓരോ വ്യക്തിയുടെയും പുണ്യങ്ങൾക്കും പാപങ്ങൾക്കും ആ വ്യക്തിതന്നെയാണ് ഉത്തരവാദി. മറ്റുള്ളവരെ അന്ധമായി അനുസരിച്ചു ചെയ്തതാണെങ്കിൽ സ്വന്തം കുറ്റഭാരം കുറയുകയല്ല, കൂടുകയാണ് ചെയ്യുക. അല്ലാഹു നൽകിയ ബുദ്ധിയും വിവേചനശേഷിയും ഉപയോഗിച്ച് നന്മതിന്മകൾ വേർതിരിച്ച് മനസ്സിലാക്കി നന്മ തെരഞ്ഞെടുക്കുക എന്ന കടമ അവഗണിക്കുന്നതും ഒരു വലിയ കുറ്റമാകുന്നു.

എന്നാൽ ആളുകളെ വഴിതെറ്റിക്കുന്നവർ സ്വന്തം പാപഭാരത്തോടൊപ്പം മറ്റു ചില ഭാരങ്ങൾ കൂടി ഏറ്റെടുക്കേണ്ടിവരും. നിങ്ങൾ ഒരാളെ വഴിതെറ്റിക്കുകയും അതുമൂലം അയാൾ മഹാ പാപങ്ങൾ ചെയ്തുകൂട്ടുകയും ചെയ്യുന്നുവെങ്കിൽ അയാളുടെ പാപത്തിന്റെ എണ്ണവും വണ്ണവും കൂടുന്നതിനുസരിച്ച്, അയാളെ വഴിതെറ്റിച്ചു എന്ന നിങ്ങളുടെ പാപത്തിന്റെ ഭാരം വർധിച്ചുകൊണ്ടേയിരിക്കും. യഥാർഥത്തിൽ കുറ്റം ചെയ്തവന്റെ പാപഭാരം അതൊട്ടും കുറക്കുകയുമില്ല. പുണ്യത്തിന്റെ കാര്യവും ഇപ്രകാരം തന്നെ. നിങ്ങളുടെ ഉപദേശ നിർദേശങ്ങൾ സ്വീകരിച്ച് ഒരാൾ പുണ്യപ്രവൃത്തികൾ ചെയ്യുന്നുവെങ്കിൽ ആ പുണ്യത്തിന്റെ എണ്ണവും വണ്ണവുമനുസരിച്ച് അയാളെ ഉപദേശിച്ചു എന്ന നിങ്ങളുടെ പുണ്യത്തിന്റെ മഹത്വവും കർമഫലവും വർധിച്ചുകൊണ്ടിരിക്കും.

'കെട്ടിച്ചമച്ചുകൊണ്ടിരുന്നതിനെക്കുറിച്ചൊക്കെയും ചോദിക്കപ്പെടും' എന്നു പറഞ്ഞതിൽ കെട്ടിച്ചമച്ചുണ്ടാക്കുന്ന എല്ലാ കാര്യങ്ങളും ഉൾപ്പെടുമെങ്കിലും ഇവിടെ സവിശേഷം ഉദ്ദേശിച്ചിട്ടുള്ളത് ദൈവത്തെക്കുറിച്ചും അഭൗതികലോകത്തെക്കുറിച്ചുമൊക്കെ പ്രമാണങ്ങളുടെയോ യുക്തിയുടെയോ പിൻബലമില്ലാതെ ഭാവനാ വിലാസമനുസരിച്ച് ആവിഷ്കരിക്കുന്ന സങ്കൽപങ്ങളാണ്. അതൊക്കെ മഹാ ആത്മീയ സിദ്ധാന്തങ്ങളായി അവതരിപ്പിക്കുകയും അവയെ പിന്തുടരാൻ ജനത്തെ നിർബന്ധിക്കുകയും ചെയ്യുന്നു. അവ പിന്തുടരുന്നവരെ ദൈവശിക്ഷയിൽനിന്ന് മോചിപ്പിച്ച് സ്വർഗസ്ഥരാക്കാമെന്ന് പുരോഹിതന്മാർ വാക്കുകൊടുക്കുന്നു. അത്തരക്കാരെയെല്ലാം ഉയിർത്തെഴുന്നേൽപുനാളിൽ അല്ലാഹു നിശിതമായി വിചാരണ ചെയ്യുമെന്ന് താക്കീതു ചെയ്യുകയാണ്.

وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِ فَلَبِثَ فِيهِمْ أَلْفَ سَنَةٍ إِلَّا خَمْسِينَ عَامًا فَأَخَذَهُمُ الطُّوفَانُ وَهُمْ ظَالِمُونَ ﴿١٤﴾

14. നൂഹിനെ നാം അദ്ദേഹത്തിന്റെ ജനത്തിലേക്ക് അയച്ചിട്ടുണ്ടായിരുന്നു. ഒരു സഹസ്രാബ്ദത്തിൽ അമ്പതാണ്ടൊഴിച്ച് അദ്ദേഹം അവരിൽ വസിച്ചു. ഒടുവിൽ ധർമധിക്കാരികളായി വിഹരിക്കവെ ഒരു മഹാ പ്രളയം അവരെ ബാധിച്ചു.

فَأَنجَيْنَاهُ وَأَصْحَابَ السَّفِينَةِ وَجَعَلْنَاهَا آيَةً لِّلْعَالَمِينَ ﴿١٥﴾

15. അപ്പോൾ നൂഹിനെയും കപ്പൽക്കാരെയും നാം രക്ഷിച്ചു. ആ സംഭവത്തെ ലോകർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു.

**14,15**

وَلَقَدْ أَرْسَلْنَا نُوحًا = തീർച്ചയായും നാം നൂഹിനെ അയച്ചിട്ടുണ്ടായിരുന്നു ‌‌ إِلَىٰ قَوْمِهِ = അദ്ദേഹത്തിന്റെ ജനത്തിലേക്ക്

فَلَبِثَ فِيهِمْ = അദ്ദേഹം അവരിൽ വസിച്ചു ‌ أَلْفَ سَنَةٍ = ഒരു സഹസ്രാബ്ദം (ബ്ദത്തിൽ)

إِلَّا خَمْسِينَ عَامًا = അമ്പതാണ്ട് ഒഴിച്ച് ‌ فَأَخَذَهُمُ = അപ്പോൾ അവൻ അവരെ പിടിച്ചു (ഒടുവിൽ അവരെ ബാധിച്ചു)

الطُّوفَانُ = (മഹാ) പ്രളയം ‌ وَهُمْ ظَالِمُونَ = അവർ അക്രമികളായ നിലയിൽ (ധർമധിക്കാരികളായി വിഹരിക്കവെ)

فَأَنجَيْنَاهُ = അപ്പോൾ നാം അവനെ (നൂഹിനെയും) രക്ഷിച്ചു ‌ وَأَصْحَابَ السَّفِينَةِ = കപ്പലിന്റെ സഖാക്കളെയും (കപ്പൽക്കാരെയും)

وَجَعَلْنَاهَا = നാം അതിനെ (ആ സംഭവത്തെ) ആക്കുകയും ചെയ്തു ‌ آيَةً = ഒരു ദൃഷ്ടാന്തം ‌ لِّلْعَالَمِينَ = ലോകർക്ക്

മുൻ സൂക്തങ്ങളിലൂടെ മുഖ്യമായി ഉദ്ബോധിപ്പിച്ച സന്ദേശം ഇതാണ്: (1) മുഅ്മിനും മുസ്‌ലിമുമാവുക എന്നത് അത്ര ലളിതവും അനായാസവുമായ കാര്യമല്ല. ഞാനും മുഅ്മിനാകുന്നു എന്ന് അവകാശപ്പെട്ടതുകൊണ്ടു മാത്രം ആരും അല്ലാഹുവിങ്കൽ മുഅ്മിനായി അംഗീകരിക്കപ്പെടുകയുമില്ല. ഈമാൻ യഥാർഥമാണെന്നു സ്ഥിരപ്പെടാൻ ത്യാഗപരിശ്രമങ്ങളർപ്പിച്ചുകൊണ്ടും പ്രതിലോമശക്തികളോടു മല്ലടിച്ചുകൊണ്ടും ഈമാനിന്റെ പാതയിൽ ഉറച്ചുനിൽക്കേണ്ടതുണ്ട്. ഈമാൻ മാറ്റുരച്ച് സ്ഥിരപ്പെടുത്തുന്ന ഉരകല്ലുകളാണ് പരീക്ഷണങ്ങൾ. പരീക്ഷണങ്ങളുമായി അടുക്കുമ്പോൾ പതറിപ്പോകുന്നവരും ഓരോ ന്യായങ്ങൾ നിരത്തി വഴിമാറുന്നവരും യഥാർഥ വിശ്വാസികളല്ല. സന്ദേഹികളും കപടന്മാരുമാണ്. മുമ്പ് കഴിഞ്ഞുപോയ വിശ്വാസികളെല്ലാം പരീക്ഷണങ്ങളെ നേരിട്ടിട്ടുണ്ട്. ഇനി വരുന്ന വിശ്വാസികളും നേരിട്ടേ തീരൂ. (2) മാതാപിതാക്കളടക്കമുള്ള ഉറ്റവരെയും ഉടയവരെയും ആദരിക്കുകയും അനുസരിക്കുകയും സേവിക്കുകയും ചെയ്യേണ്ടത് ദൈവകൽപിതമായ ദീനീ ബാധ്യത തന്നെയാണ്. എന്നാൽ ദൈവത്തിനും ധർമത്തിനും എതിരായി അവർ ഉന്നയിക്കുന്ന ആവശ്യങ്ങൾക്ക് വഴങ്ങിക്കൂടാ. ഓരോരുത്തരുടെയും ദീനീ ബാധ്യതകൾ അവരുടെ ചുമലിൽ തന്നെയാണ്. ആ ബാധ്യത മറ്റാർക്കും ഏറ്റെടുക്കാനാവില്ല. നിങ്ങൾ ഞങ്ങളെ അനുസരിക്കുക. അത് പാപമാണെങ്കിൽ ആ പാപം ഞങ്ങളേറ്റെടുക്കാം എന്നു പറയുന്നവർ കള്ളമാണ് പറയുന്നത്. നിങ്ങളുടെ കുറ്റം പൂർണമായും നിങ്ങൾ തന്നെ ഏറ്റെടുക്കേണ്ടിവരും. നിങ്ങളെ തെറ്റിലേക്ക് നയിച്ചവർ അവരുടെ കുറ്റവും കൂടാതെ നിങ്ങളെ തെറ്റിലേക്ക് നയിച്ചതിന്റെ കുറ്റവുമാണ് ഏറ്റെടുക്കുക. അതുകൊണ്ട് നിങ്ങളുടെ പാപഭാരത്തിൽ ഒരു കുറവും ഉണ്ടാവില്ല.

തുടർന്ന്, പൂർവകാല പ്രവാചകന്മാരും വിശ്വാസികളും നേരിട്ട കൊടിയ പരീക്ഷണങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. ഒന്നാമതായി അനുസ്മരിക്കുന്നത് നൂഹ് നബി(അ)യെ. മാനവചരിത്രത്തിലെ പ്രഥമ റസൂലായിരുന്നു നൂഹ് എന്ന് കരുതപ്പെടുന്നു. അദ്ദേഹത്തിനു മുമ്പ് ആഗതരായ ആദം, ഇദ്‌രീസ്, ശീസ് പ്രവാചകന്മാർ നബിമാരായിരുന്നു. നബിയും റസൂലും തമ്മിലുള്ള വ്യത്യാസം *ഖുർആൻ ബോധനം* മുമ്പ് പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്. ആദ്യം നൂഹി(അ)നെ അനുസ്മരിക്കുന്നതിൽ ഒന്നാമത്തെ റസൂൽ എന്നതിനു പുറമെ വേറെയും ചില ഔചിത്യങ്ങളുണ്ട്. അതിലൊന്ന് നൂഹ് നബിയുടെ പ്രബോധനകാലത്തിന്റെ ദൈർഘ്യമാണ്. മക്കയിൽ മുഹമ്മദ് (സ) പ്രബോധനം തുടങ്ങിയിട്ട് ഈ സൂക്തങ്ങളവതരിക്കുമ്പോൾ ഏറിയാൽ 13 കൊല്ലമേ ആയിട്ടുള്ളൂ. ഇത് വലിയൊരു കാലയളവായിട്ടാണ് ചില വിശ്വാസികൾ കരുതിയിരുന്നത്. ഇത്ര കാലമായിട്ടും ആളുകൾ തങ്ങളെ നിഷേധിക്കുന്നതിലും പീഡിപ്പിക്കുന്നതിലും അല്ലാഹു ഇടപെട്ട് തങ്ങളുടെ മർദകരെ ഒതുക്കാതിരിക്കുന്നതിലും ചില വിശ്വാസികൾക്ക് വലിയ വിഷമം തോന്നിയിരുന്നു. അവരോട് പറയുകയാണ്: നിങ്ങളുടെ ഒരു പതിറ്റാണ്ടൊന്നും ഒരു കാലദൈർഘ്യമല്ല. നൂഹ് (അ) ജനത്തിന്റെ ശകാരവും മർദനവും സഹിച്ചുകൊണ്ട് തൊള്ളായിരത്തി അമ്പതുകൊല്ലം കഴിച്ചുകൂട്ടിയിരിക്കുന്നു. ഒരു തരത്തിലും സത്യധർമങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാതിരുന്ന നൂഹ് ജനതയെ ഒടുവിൽ ഒരു മഹാ പ്രളയത്തിൽ മുക്കിയൊടുക്കുകയായിരുന്നു. നൂഹി(അ)നെ നിഷേധിച്ചവരുടെ മുൻപന്തിയിലുണ്ടായിരുന്നത് അദ്ദേഹത്തിന്റെ സ്വന്തക്കാരും ബന്ധുക്കളുമായിരുന്നു. നൂഹ് നബിയുടെ പുത്രൻ അദ്ദേഹത്തിന്റെ സന്ദേശം സ്വീകരിക്കാൻ കൂട്ടാക്കാതെ പ്രളയജലത്തിൽ മുങ്ങിയൊടുങ്ങിയതായും ഭാര്യ അദ്ദേഹത്തെ വഞ്ചിച്ചതായും ഖുർആൻ പ്രസ്താവിക്കുന്നു. നൂഹ് നബിയെ അനുസ്മരിക്കുമ്പോൾ ഈ ചരിത്രകഥനം, സ്വന്തക്കാരും ബന്ധുക്കളുമായ ഖുറൈശികൾ തങ്ങളെ തള്ളിപ്പറയുകയും പീഡിപ്പിക്കുകയും ചെയ്യുന്നതിൽ മനം നൊന്തു

കഴിയുന്ന പ്രവാചക ശിഷ്യർക്ക് ആശ്വാസദായകമാകുന്നു എന്നതാണ് മറ്റൊരൗചിത്യം.

നൂഹ് ചരിത്രത്തിന്റെ വിശദാംശങ്ങൾ *ആലുഇംറാൻ* 33-34, *അന്നിസാഅ്* 163, *അൽഅൻആം* 84, *അൽഅഅ്റാഫ്* 59-64, *യൂനുസ്* 71-73, *ഹൂദ്* 25-48, *അൽഅമ്പിയാഅ്* 76-77, *അൽമുഅ്മിനൂൻ* 23-30, *അൽഫുർഖാൻ* 37, *അശ്ശുഅറാഅ്* 105-123 സൂക്തങ്ങളിൽ വന്നിട്ടുണ്ട്. വിശദീകരണത്തിന് *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ഇവിടെ ഉദ്ദേശ്യം നൂഹ് നബിയുടെ ചരിത്രം വിസ്തരിക്കുകയല്ല. മറിച്ച്, യഥാർഥ സത്യവിശ്വാസികൾ ചിലപ്പോൾ നിരവധി നൂറ്റാണ്ടുകൾ തന്നെ നിരന്തരം നിഷേധവും പീഡനവും നേരിടുന്നതിന്റെയും അതിനെയൊന്നും വകവെക്കാതെ അവർ സ്വന്തം ദൗത്യത്തിൽ ഉറച്ചുനിൽക്കുന്നതിന്റെയും ചരിത്രപരമായ സാക്ഷ്യം അവതരിപ്പിക്കുകയാണ്.

നൂഹ് (അ) '950 സംവത്സരം ആ ജനതയിൽ താമസിച്ചു' എന്നാണ് ഇവിടെ പറയുന്നത്. അദ്ദേഹം പ്രവാചക ദൗത്യം ഏറ്റെടുക്കുന്നതിനു മുമ്പ് അമ്പതു വർഷത്തോളം കഴിഞ്ഞുപോയിരിക്കാം. മഹാ പ്രളയത്തിൽ സ്വജനത നശിച്ചുപോയപ്പോൾ കപ്പലിൽ രക്ഷപ്പെട്ട അദ്ദേഹം പിന്നെയും 350 സംവത്സരം ജീവിച്ചിരുന്നതായി പറയപ്പെടുന്നു. അങ്ങനെയാണെങ്കിൽ അദ്ദേഹം 1350 വർഷം ജീവിച്ചിരുന്നു എന്നു മനസ്സിലാക്കണം. ചിലരുടെ വീക്ഷണത്തിൽ നൂഹ് നബിയുടെ പ്രവാചക ജീവിതം 950 വർഷവും അതിനു മുമ്പ് അമ്പതു വർഷ പ്രവാചകത്വപൂർവ ജീവിതവുമായി ആയിരം കൊല്ലമാണ്. ബൈബിൾ പറയുന്നത് ഇങ്ങനെയാണ്: ''ജലപ്രളയത്തിനു ശേഷം നോഹേ 350 വത്സരം ജീവിച്ചിരുന്നു. നോഹിന്റെ ആയുഷ്കാലം തൊള്ളായിരത്തി അമ്പതു വത്സരം. പിന്നെ അയാൾ മരിച്ചു.''

ആധുനിക മനുഷ്യരുടെ ആയുർദൈർഘ്യവുമായി താരതമ്യം ചെയ്യുമ്പോൾ നൂഹ് നബിയുടെ ദീർഘായുസ്സ് അവിശ്വസനീയമായി തോന്നാം. എന്നാൽ നൂഹ് നബി ജീവിച്ച യുഗത്തിൽ മനുഷ്യരുടെ ശരാശരി ആയുസ്സ് ഇന്നത്തേതിനേക്കാൾ എത്രയോ ഇരട്ടിയായിരുന്നു. അക്കാലത്ത് ഒരാൾ 750-ഓ ആയിരമോ കൊല്ലം ജീവിച്ചിരിക്കുന്നത് ഒരത്ഭുതമായിരുന്നില്ല. ബൈബിൾ തന്നെ പറയുന്നത് പ്രകാരം നൂഹ് നബിയുടെ പിതാവ് ലാമെക്ക് എഴുന്നൂറ്റി എഴുപത്തേഴു വത്സരവും ലാമെക്കിന്റെ പിതാവ് മെഥുശലഹ് തൊള്ളായിരത്തി അറുപത്തൊമ്പത് വത്സരവും മെഥശലഹിന്റെ പിതാവ് ഹാനോക്ക് മുന്നൂറ്റി അറുപത്തൊമ്പതു വത്സരവും ഹാനോക്കിന്റെ പിതാവ് യാറെദ് തൊള്ളായിരത്തി അറുപത്തി രണ്ട് വർഷവും ജീവിച്ചിട്ടുണ്ട് (ഉൽപത്തി 5:18-31). ഈ ബൈബിൾ പ്രസ്താവനയെ നിഷേധിക്കുന്ന ചരിത്ര രേഖകളൊന്നും കണ്ടെത്തിയിട്ടില്ല. ഇവിടെ ഒരു കാര്യം അനുസ്മരണീയമാകുന്നു. നൂഹ് നബിയുടെ ജീവിതകാലം എന്നൊക്കെ പറയുന്നത് ഭൂമിയിൽ മനുഷ്യവാസം തുടങ്ങിയ കാലമായിരുന്നു. അന്ന് നാഗരിക വികാസത്തിന്റെയും സാങ്കേതികാവിഷ്കാരങ്ങളുടെയും ഫലമായി ഇന്നത്തെപ്പോലെ അന്തരീക്ഷം മലിനമാവുകയോ പരിസ്ഥിതി ദുഷിക്കുകയോ അനാരോഗ്യകരമായ ആഹാരക്രമങ്ങൾ പ്രചരിക്കുകയോ ചെയ്തിരുന്നില്ല. ജനസംഖ്യയും നന്നേ കുറവായിരുന്നു. ആയുസ്സിനെ ഹനിക്കുന്ന സങ്കേതങ്ങളൊന്നും ഇല്ലാത്ത സാഹചര്യത്തിൽ വാർധക്യം ദീർഘിക്കുക തികച്ചും സ്വാഭാവികമാണ്. മനുഷ്യന്റെ ജനസംഖ്യ വർധിക്കുന്നതനുസരിച്ച് ശരാശരി ആയുസ്സ് കുറയുക പ്രകൃതിയുടെ താൽപര്യവുമാകുന്നു. ഇന്ന് ആളുകൾ നാനൂറും അഞ്ഞൂറും വർഷം ജീവിക്കുകയാണെങ്കിൽ ഭൂമിയിൽ അവർക്ക് വേണ്ട സ്ഥലസൗകര്യമോ വിഭവങ്ങളോ ലഭ്യമാവുകയില്ല. ഇപ്പോൾ വൻ നഗരങ്ങളിൽ അമ്പതും നൂറും നിലകളുള്ള ഫ്ളാറ്റുകളുയർത്തിയാണ് ഈ പ്രശ്നം നേരിടുന്നത്. എന്നിട്ടും അനതിവിദൂര ഭാവിയിൽ മനുഷ്യന് അന്യ ഗ്രഹങ്ങളിൽ കുടിയേറേണ്ടിവരുമെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. ഭക്ഷണ വിഭവങ്ങളുടെ കാര്യവും ഇതുതന്നെ. ഇപ്പോൾ തന്നെ ലോകജനതയുടെ വലിയൊരു വിഭാഗം പട്ടിണിക്കാരാണ്.

ദൈവദൂതന്മാരെ ധിക്കരിക്കുന്ന മർദകരും ചൂഷകരും അല്ലാഹുവിനെ വെട്ടിച്ച് രക്ഷപ്പെടാൻ പോകുന്നില്ല എന്ന് നാലാം സൂക്തത്തിൽ പറഞ്ഞ യാഥാർഥ്യത്തിന്റെ ചരിത്രപരമായ സാക്ഷ്യമാണ് ....... فَأَخَذَهُمُ الطُّوفَانُ എന്ന വാക്യം. മർദകർക്ക് ഈ ലോകത്ത് ചിലപ്പോൾ നീണ്ടകാലത്തെ അവസരം ലഭിച്ചെന്നിരിക്കും. എന്നാൽ ഒടുവിൽ അവർ കൊടിയ ശിക്ഷക്കിരയാവുക തന്നെ ചെയ്യും. ആ ശിക്ഷ അല്ലാഹു അവരോട് ചെയ്യുന്ന അതിക്രമമല്ല. അവർ സ്വയം അക്രമികളായതിന്റെ ഫലം മാത്രമാണ്. സത്യപ്രബോധകർ ലക്ഷ്യത്തിലെത്തുന്നതിനു മുമ്പ് പരീക്ഷിക്കപ്പെടേണ്ടതുള്ളതുപോലെ തന്നെ അസത്യത്തിന്റെ വൈതാളികർ ശിക്ഷിക്കപ്പെടുന്നതിനു മുമ്പ് അവർക്കെതിരായ ന്യായം പൂർത്തീകരിക്കപ്പെടേണ്ടതുമുണ്ട്.

ഒരു സഹസ്രാബ്ദത്തോളം നീണ്ട കഠിനാധ്വാനത്തിനും പരീക്ഷണങ്ങൾക്കും ശേഷം നൂഹി(അ)നും സത്യവിശ്വാസികൾക്കും അല്ലാഹു വിജയമരുളി. അല്ലാഹുവിന്റെ നിർദേശത്തിലും മേൽനോട്ടത്തിലും നൂഹ് നിർമിച്ച കപ്പലിൽ കയറ്റിക്കൊണ്ട് അദ്ദേഹത്തെയും സഖാക്കളെയും ആ മഹാപ്രളയത്തിൽനിന്ന് അവൻ രക്ഷിച്ചു. ആ സംഭവത്തെ ലോകർക്കൊക്കെയും ഒരു അവിസ്മരണീയ ദൃഷ്ടാന്തമാക്കുകയും ചെയ്തു. നൂഹ് നബിയുടെ കപ്പലും കപ്പൽ യാത്രയും ഇന്നും ലോകമെങ്ങും സുപരിചിതമാണ്. ലോകാവസാനം വരെ അത് വിസ്മൃതമാവുകയില്ല. നൂഹ് നബിയുടെ കപ്പലിന്റെ അവശിഷ്ടങ്ങൾ അറാറാത്ത് പർവതത്തിന്റെ ഉച്ചിയിൽ ഇപ്പോഴും ദൃശ്യമാണെന്നും പറയപ്പെടുന്നു. ഈ കപ്പലിന്റെ അവശിഷ്ടങ്ങൾ ജൂദി പർവതത്തിനു മുകളിൽ ശേഷിക്കുന്നുവെന്നും തന്റെ നൂറ്റാണ്ടിന്റെ ആരംഭത്തിൽ താൻ അത് കണ്ടിട്ടുണ്ടെന്നും ഇമാം ഖതാദ പ്രസ്താവിച്ചതായി ഇമാം ബുഖാരി ഉദ്ധരിച്ചിരിക്കുന്നു. നേരത്തേ, ആരും അന്യന്റെ പാപഭാരം ഏറ്റെടുക്കുകയില്ല എന്നു പ്രസ്താവിച്ചതിന്റെ സാക്ഷ്യം കൂടി നൂഹ് നബിയുടെ ചരിത്രത്തിൽ കാണാം. ഒരുവന്റെ പാപഭാരം മറ്റൊരാൾക്ക് ഏറ്റെടുക്കാനോ ശിപാർശയുടെ ബലം കൊണ്ട് ഒഴിവാക്കാനോ കഴിയുമായിരുന്നുവെങ്കിൽ നൂഹ് നബിയുടെ പുത്രനെ രക്ഷിക്കാൻ അദ്ദേഹത്തിനു കഴിയേണ്ടതായിരുന്നു. പുത്രന്റെ രക്ഷ അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്. നൂഹ് നബിയെപ്പോലെ അതിമഹാനായ പുണ്യാത്മാവിനുപോലും സ്വപുത്രനെ വരെ രക്ഷിക്കാനായില്ലെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയേണ്ടതില്ലല്ലോ. •